നം. ക്യൂ.ഐ.പി(1)/247365/2021/ഡിജിഇ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 27/05/2021

## സർക്കുലർ

വിഷയം:- 2021-22 റഗുലർ ക്ലാസ്സുകൾ ആരംഭിക്കാത്തതുകൊണ്ട് വെർചൽ രീതിയിലുള്ള പ്രവേശനോത്സവം സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- എസ്.എസ്.കെ യുടെ കത്ത് തീയതി, 25/05/2021.

......

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്ത് സ്കൂളുകൾ തുറന്ന് അദ്ധ്യയനം നടത്തുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ കുട്ടികൾക്ക് അദ്ധ്യയനം സാധ്യമാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിന്റെ വിക്ടേഴ്സ് ചാനലിലൂടെ ഫസ്റ്റ് ബെൽ എന്ന പേരിൽ ഡിജിറ്റൽ ക്ലാസ്സുകൾ ആരംഭിക്കുകയും പ്രസ്തുത ഡിജിറ്റൽ ക്ലാസുകളിലൂടെയും സ്വന്തം അദ്ധ്യാപകർ നൽകുന്ന പിന്തുണാ പ്രവർത്തനങ്ങളിലൂടെയും അവരെ അക്കാദമിക രംഗത്ത് വ്യാപൃതരാകുന്നതിന് സാധിച്ചിട്ടുണ്ട്.

കോവിഡ് 19 നിയന്ത്രണ വിധേയമാകാത്തതിനാൽ 2021-22 അധ്യയന വർഷത്തെ ക്ലാസ്സുകൾക്കായി ജൂൺ- 1 ന് സ്കൂളുകൾ തുറക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. എന്നിരുന്നാലും വെർചൽ പ്ലാറ്റ്ഫോമിലൂടെ സംസ്ഥാനതലത്തിലും സ്കൂൾതലത്തിലും 'പ്രവേശനോത്സവം' സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. തിരുവനന്തപുരം വഴുതയ്ക്കാട് കോട്ടൺഹിൽ സ്കൂളിൽ ജൂൺ-1 ന് രാവിലെ 10 മണിയ്ക്ക് സംഘടിപ്പിക്കുന്ന ചടങ്ങിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓൺലൈനായി സംസ്ഥാനതല 'പ്രവേശനോത്സവം' ഉദ്ഘാടനം ചെയ്യുന്നതാണ്. സംസ്ഥാനതല പ്രവേശനോത്സവ ചടങ്ങുകൾക്കുശേഷം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സ്കൂൾതല പ്രവേശനോത്സവം ഓൺലൈനായി ജൂൺ- 1 ാം തീയതി തന്നെ സംഘടിപ്പിക്കേണ്ടതാണ്. ഇപ്രകാരം പരിപാടി സംഘടിപ്പിക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

### സ്കൂൾതലം

- പ്രവേശനോത്സവത്തിന് മൂന്ന് ദിവസം മുമ്പേയെങ്കിലും ഓൺലൈൻ SRG യും ക്ലാസ്സ് പി.ടി.എ.യും ചേരണം. തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ ഉൾപ്പെടെയുള്ള സ്കൂളിന്റെ എല്ലാ അഭ്യുദയകാംക്ഷികളെയും കൂട്ടിച്ചേർത്ത് സംഘാടകസമിതി കൂടി ഓൺലൈനിൽ കൂടേണ്ടതാണ്.
- പ്രവേശനോത്സവദിനം കൈറ്റ് വിക്ടേഴ്സ് ചാനൽവഴിയുള്ള സംസ്ഥാനതല പരിപാടികളുടെ സംപ്രേഷണം കഴിഞ്ഞ് സ്കൂൾതല പരിപാടികൾ ആരംഭിക്കാവുന്നതാണ്.

- പുതുതായി ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികൾക്ക് പ്രചോദനം നൽകുന്ന പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്.
- ഓൺലൈൻ കലാപരിപാടികൾ കുട്ടികൾക്ക് അവതരിപ്പിക്കാം.
- പ്രവേശനോത്സവദിനത്തിൽ കുട്ടികളുടെ പാട്ടും, കഥ പറയലും മുൻകൂട്ടി റെക്കോർഡ് ചെയ്ത് പങ്കിടണം. മുതിർന്ന കുട്ടികളുടെ പരിപാടികളും ഇത്തരത്തിൽ പങ്കിടാവുന്നതാണ്.
- കൂടുതൽ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ ക്ലാസ്സ് അടിസ്ഥാനത്തിൽ അതാത് ക്ലാസ്സ് അദ്ധ്യാപകരുടെ നേതൃത്വത്തിൽ ഓൺലൈനായി പ്രവേശനോത്സവം സംഘടിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.
- കുട്ടികൾക്ക് അവസരം നൽകിയുള്ള പരിപാടികൾ സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കുക.

<u>വീട്ടുതലം</u>

- കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് മധുര വിതരണം/പായസ വിതരണം.
- ബന്ധുമിത്രാദികളുടെ സ്നേഹാശംസ (ഓൺലൈനിൽ)
- സകുടുംബം വിക്ടേഴ്സ് ചാനൽ കാണൽ.
- സ്കൂൾ ഗ്രൂപ്പിലെ പരിപാടിയിൽ പങ്കുചേരൽ.

സ്കൂൾതലത്തിൽ വെർച്ചൽ ആയി സംഘടിപ്പിക്കുന്ന പ്രവേശനോത്സവ പരിപാടികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ പങ്കെടുപ്പിക്കേണ്ടതും അവരുടെ സഹകരണം ഉറപ്പാക്കേണ്ടതുമാണ്. ജില്ലാതലത്തിൽ ആർ.ഡി.ഡി, ഡി.ഡി.ഇ, എ.ഡി, ഡി.പി.സി (എസ്.എസ്.കെ) എന്നിവരുടെ നേതൃത്വത്തിൽ ജില്ലയിലെ എം.പിമാർ, എം.എൽ.എമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരെ അവർക്ക് സൗകര്യപ്രദമായ സ്ഥാപനങ്ങളിലെ പ്രവേശനോൽസവത്തിന്റെ ഭാഗമായുള്ള പരിപാടികളിൽ പങ്കെടുപ്പിക്കുവാൻ ശ്രമിക്കേണ്ടതും അവരുടെ സഹകരണം ഉറപ്പ് വരുത്തേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ് :-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
3. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

പകർപ്പ്:-

1. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി
2. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്രശിക്ഷാ കേരള
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്